KSFESA
CITU

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4, Ph : 0487-2384321
(Affiliated to C.I.T.U. R.No.K. 1128)
E-mail : ksfesacitu@yahoo.co.in Web:- www.ksfesa.com

President
**C.B.C. Warrier**

General Secretary
**S. Muraleekrishna Pillai**

**സർക്കുലർ 5/2011**

## ഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം

സഖാക്കളേ, സുഹൃത്തുക്കളേ,

ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട സംഘടനയുടെ നിർദ്ദേശങ്ങൾ വളരെ വിശദമായിത്തന്നെ 22-12-2010 ന് സംഘടനയുടെ വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിവിധ വിഭാഗം ജീവനക്കാരുടെ പേ ഫിക്സ് ചെയ്യുന്നതിന്റെ 13 ഉദാഹരണങ്ങൾ, ഡി.എ., വർക്ക്മെൻ തസ്തികയിലെ ജീവനക്കാരുടെ 1-8-07 ലെ pre-revised pay യും revised pay യും വ്യക്തമാകുന്ന പട്ടിക ഇവയെല്ലാം തന്നെ നമ്മുടെ വെബ്സൈറ്റിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. എങ്കിലും അത്യാവശ്യം ചില വിവരങ്ങൾ ചുരുക്കി സൂചിപ്പിക്കുന്നതിനാണ് ഈ സർക്കുലർ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നത്.

1. 1-8-07 ൽ 4 വർഷം സർവ്വീസ് പൂർത്തിയാക്കാത്തവർക്കും 8 വർഷം സർവ്വീസ് പൂർത്തിയാക്കാത്തവർക്കും 1-8-07 നു ശേഷമുള്ള ഒരു തീയതി opt ചെയ്തുകൊണ്ട് 4 വർഷത്തിൽ കിട്ടുന്ന ഒരു വെയിറ്റേജും 8 വർഷത്തിൽ കിട്ടുന്ന രണ്ടാമത്തെ വെയിറ്റേജും നേടാവുന്നതാണ്.
2. ഇങ്ങനെ opt ചെയ്യുന്നവർക്ക് option ചെയ്യുന്ന തീയതി വരെയുള്ള പുതിയ സ്കെയിലിലെ ശമ്പളം ഉപേക്ഷിക്കേണ്ടതായി വരും.
3. 1999 ജൂലൈ മാസത്തിനു മുമ്പും 2003 ജൂലൈ മാസത്തിനു മുൻപും ജോലിയിൽ പ്രവേശിച്ചവർ 1-8-07 തീയതി option ചെയ്താൽ മതിയാകും.
4. 1999 ജൂലൈ മാസത്തിനും 2001 ജൂലൈ മാസത്തിനും ഇടയ്ക്ക് ജോലിയിൽ പ്രവേശിച്ചവരും 2003 ജൂലൈ മാസത്തിനും 2005 ജൂലൈ മാസത്തിനും ഇടയ്ക്ക് ജോലിയിൽ പ്രവേശിച്ചവരും1-8-07 നു ശേഷമുള്ള ഒരു തീയതി opt ചെയ്യുന്നതിനെ സംബന്ധിച്ച് ചിന്തിക്കാവുന്നതാണ്. എന്നാൽ ലാഭ നഷ്ടത്തെ അടിസ്ഥാനമാക്കി വേണം അത്തരം തീരുമാനം എടുക്കേണ്ടത്.
5. എല്ലാ ജീവനക്കാരും option ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്. 1-8-2007 opt ചെയ്യുന്നവർക്ക് അവരുടെ നിലവിലുള്ള ഇൻക്രിമെന്റ് തീയതിയിൽ മാറ്റമുണ്ടാവുകയില്ല. എന്നാൽ 1-8-07 നു ശേഷമുള്ള തീയതി opt ചെയ്യുന്നവർക്ക് option തീയതി കഴിഞ്ഞ് ഒരു വർഷം കഴിയുമ്പോൾ മാത്രമേ അടുത്ത ഇൻക്രിമെന്റ് ലഭിക്കുകയുള്ളൂ.
6. ജൂൺ 2004 ൽ പ്യൂൺ (അറ്റൻഡർ) തസ്തികയിലേക്ക് പ്രമോട്ട് ചെയ്യപ്പെട്ട പി.റ്റി.എസ്. ജീവനക്കാർ ജനുവരി 2009 opt ചെയ്യുന്നതാണുത്തമം. അങ്ങനെ ചെയ്താൽ അവർക്ക് രണ്ട് ഇൻക്രിമെന്റ് വെയിറ്റേജ് ആനുകൂല്യമായി ലഭിക്കും. നാല് വർഷം സർവ്വീസിന് ഒരു വെയിറ്റേജ്, പി.റ്റി. എസ്. ജീവനക്കാരുടെ സർവ്വീസിന്റെ പകുതി കൂടി വെയിറ്റേജിന് പരിഗണിക്കുക എന്നീ രണ്ടു കരാർ നിർദ്ദേശങ്ങളുടെ ഫലമായി ഇരട്ടപ്രയോജനം ലഭിക്കുന്ന വിഭാഗമാണിത്.
7. നവംബർ 2006-ൽ പ്യൂൺ (അറ്റൻഡർ) തസ്തികയിലേയ്ക്ക് പ്രമോട്ട് ചെയ്യപ്പെട്ട ജീവനക്കാർ 1-8-2007 opt ചെയ്താൽ മതി. പി.റ്റി.എസ്. ആയി സേവനം അനുഷ്ഠിച്ച കാലത്തിന്റെ പകുതി കൂടി വെയിറ്റേജിന് പരിഗണിയ്ക്കണമെന്ന കരാർ നിർദ്ദേശത്തിന്റെ ഫലമായി ഇവർക്ക് ഒരു ഇൻക്രിമെന്റ് വെയിറ്റേജ് ആനുകൂല്യമായി ലഭിക്കും.

8 2003 ഒക്ടോബർ ബാച്ചിലെ പ്യൂൺ (അറ്റൻഡർ) ജീവനക്കാരും 2003 നവംബർ ബാച്ചിലെ അസിസ്റ്റന്റ് ജീവനക്കാരും 4 വർഷം സർവീസ് പൂർത്തിയായ തീയതി (ഒക്ടോബർ 2007/ നവംബർ 2007) option ചെയ്താൽ ഒരു ഇൻക്രിമെന്റ് വെയിറ്റേജ് ആയി ലഭിക്കും. 5 വർഷം സർവീസിന്

ഒരു വെയിറ്റേജ് എന്ന കഴിഞ്ഞ യുഡിഎഫ് കരാറിനുപകരം 4 വർഷത്തിന് ഒരു വെയിറ്റേജ് എന്ന നിർദ്ദേശം അംഗീകരിച്ചതിന്റെ പ്രയോജനം ലഭിക്കുന്ന വിഭാഗമാണ് ഈ രണ്ടു ബാച്ചുകളും. 5 വർഷം സർവീസിന് ഒരു ഇൻക്രിമെന്റ് എന്ന യു.ഡി.എഫ് കരാർ വ്യവസ്ഥ തുടർന്നിരുന്നുവെങ്കിൽ ഇവർക്ക് കനത്ത നഷ്ടം ഉണ്ടാകുമായിരുന്നു.

9 5 വർഷത്തിന് ഒരു ഇൻക്രിമെന്റ് എന്ന കഴിഞ്ഞ യു.ഡി.എഫ്. കരാർ നിർദ്ദേശത്തിന്റെ ഭാഗമായി കനത്തനഷ്ടം സംഭവിച്ച ഗണ്യമായ വിഭാഗമാണ് സെപ്തംബർ 1998, ഫെബ്രുവരി 1999, നവംബർ 1999 എന്നീ ബാച്ചുകളിലെ അസിസ്റ്റന്റ് ജീവനക്കാർ. 5 വർഷം സർവീസിന് ഒരു വെയിറ്റേജ് ആനുകൂല്യം ലഭിക്കാൻ 1998 സെപ്തംബർ മാസം ജോലിയിൽ പ്രവേച്ചവർ 8000/- രൂപയും 1999 ഫെബ്രുവരി മാസം ജോലിയിൽ പ്രവേശിച്ചവർ 18,000 രൂപയും 1999- നവംബറിൽ ജോലിയിൽ പ്രവേശിച്ചവർ 32,000/- രൂപയും arrear നഷ്ടപ്പെടുത്തേണ്ടിവന്നു. എന്നാൽ 8 വർഷ സർവീസിന് രണ്ടു വെയിറ്റേജ് എന്ന ഇത്തവണത്തെ കരാർ നിർദ്ദേശത്തിന്റെ ഭാഗമായി, ഈ വിഭാഗത്തിന് രണ്ട് ഇൻക്രിമെന്റ് വെയിറ്റേജ് ആനുകൂല്യമായി ലഭിക്കും. കൂടാതെ എൽ.ഡി.എഫ്. സർക്കാരിന്റെ ബിസിനസ്സ് വികസന പദ്ധതികളുടെ ഫലമായി ഇവരിൽ നല്ലൊരു പങ്കും അസിസ്റ്റന്റ് മാനേജർമാരായി പ്രമോഷൻ നേടിയിട്ടുമുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സെറ്റിൽമെന്റിലെ സാമ്പത്തിക നഷ്ടത്തിന് മധുരമായി പ്രതികാരം ചെയ്തു എന്ന സുഖവും ഉണ്ട്.

10. 25 വർഷം സർവ്വീസുള്ള വർക്ക്മെൻ തസ്തികയിലെ 35-ഓളം ജീവനക്കാർക്ക് 2010 ൽ തന്നെ ഒരു ഇൻക്രിമെന്റ് കൂടി ലഭിക്കും. കഴിഞ്ഞ യു.ഡി.എഫ്. മാനേജ്മെന്റ് കെ.എസ്.എഫ്.ഇ.യിലെ വർക്ക്മെൻ വിഭാഗത്തിന് മാത്രമായി നിഷേധിച്ചതാണ് ഈ ആനുകൂല്യം.

11. അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർക്ക് 100 രൂപ പ്രതിമാസം conveyance allowance ആയി ലഭിക്കും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നിഷേധിച്ച ആനുകൂല്യത്തിനാണ് ഈ കരാറിലൂടെ അംഗീകാരം ലഭിച്ചിരിക്കുന്നത്.

12. ആർ.ആർ. ഓഫീസുകളിൽ ക്യാഷ് കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റിനും പുതിയ കരാറിന്റെ ഫലമായി പ്രതിമാസം 300 രൂപ റിസ്ക് അലവൻസ് ലഭിക്കും.

13. 13 വർഷം സർവ്വീസ് പൂർത്തിയാകുന്ന പ്യൂൺ ജീവനക്കാർ Despatch assistant ആയി മാറും. പ്യൂൺ തസ്തികയിൽ 658 ജീവനക്കാരിൽ 110-ഓളം പേർക്ക് 2010-ൽ തന്നെ ഈ പ്രയോജനം ലഭിക്കും.

14. 2004 ഒക്ടോബർ ബാച്ചിലെ അസിസ്റ്റന്റുമാർ 2008 ഒക്ടോബർ Opt ചെയ്യുന്നതാണ് ഉത്തമം. പക്ഷേ ഇവർക്ക് 15 മാസത്തെ arrear നഷ്ടപ്പെടും.

സഖാക്കളേ,

സ്കെയിൽ പരിഷ്ക്കരണത്തിൽ മാത്രമല്ല, ഫ്രിൻജ് ബെനിഫിറ്റ് ഇനത്തിലും ഗണ്യമായ മാറ്റം വരുത്തിക്കൊണ്ടാണ് ഇത്തവണ ശമ്പള പരിഷ്കരണം കെ.എസ്.എഫ്.ഇ.യിൽ നടക്കുന്നത്. എന്നാൽ വർക്ക്മെൻ വിഭാഗത്തിലെ ജീവനക്കാർക്ക് ജൂൺ 2010 മുതൽ ഡിസംബർ 10 വരെയുള്ള പുതുക്കിയ ഫ്രിൻജ് ബെനിഫിറ്റ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന ഒരപാകത സർക്കാർ ഉത്തരവിൽ കടന്നുകൂടിയിട്ടുണ്ട്. ഇത് തിരുത്തണമെന്ന് സർക്കാരിനോടും മാനേജ്മെന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ചരിത്രത്തിലെ തന്നെ മികച്ചതെന്ന് പറയാവുന്ന ശമ്പളപരിഷ്ക്കരണം സർക്കാർ ജീവനക്കാരുടെ മേഖലയിലും പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. സി.സി.എ., എച്ച്.ആർ.എ., ലീവ് റൂൾസ്, വനിതാജീവനക്കാർക്ക് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പാക്കേജുകൾ എന്നിവ നമുക്കും ബാധകമാണെന്നത് നമ്മുടെ ശമ്പളപരിഷ്കരണത്തെ കൂടുതൽ മെച്ചപ്പെട്ടതാക്കും. സംശയമില്ല.

എൽ.ഡി.എഫ്. മാനേജ്മെന്റിനും സർക്കാരിനും അഭിവാദ്യങ്ങൾ

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**

01-01-2011

ജനറൽ സെക്രട്ടറി

Mob: 9446538432, 0474 - 2707047 (R)

0474 - 2744712 (O), E-mail : muraleeathira@yahoo.co.in

**എല്ലാ ജീവനക്കാർക്കും കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു) - ന്റെ പുതുവത്സരാശംസകൾ**